

# സാമൂഹ്യ വിമർശകനായ ഭക്ത കവി

**പരമഭാഗവതനായ ഭക്തനെന്നപോലെ അനീതികളെ അപലപിക്കുകയും പാവങ്ങൾക്കുവേണ്ടി പാടുകയും ചെയ്ത മഹാമനസ്കനുമായിരുന്നു പൂന്താനം നമ്പൂതിരി**


## പി. ഗോവിന്ദപ്പിള്ള


കൈവിരലിലെണ്ണിത്തീർക്കാവുന്ന മലയാള മഹാകവി ...ടെ കൂട്ടത്തിൽ പൂന്താനം നമ്പൂതിരിയുടെ സ്ഥാനം ... അഗണ്യമല്ല. പ്രൊഫ. എസ്. ഗുപ്തൻനായരുടെ ...യിരുത്തൽ ഒട്ടും അതിശയോക്തിയല്ല. അദ്ദേഹം ...ുന്നു:

"ചെറിയ വലിയ കവികൾ എന്നു പറയാൻ കാരണ... പൂന്താനം, രാമപുരത്തു വാര്യർ, എന്നീ രണ്ടു ...ടെ കാര്യം തന്നെ എടുക്കുക. അവർ എഴുത്തച്ഛ... നമ്പ്യാരെയോ പോലെ പ്രസ്ഥാനപ്രതിഷ്ഠകർ നട...വരല്ല; കണ്ണശ്ശന്മാരെയോ ഉണ്ണുനീലി സന്ദേശകാര... പോലെ ശൈലീ വിശേഷങ്ങളുടെ വിദഗ്ദ്ധ ശില്പി...ൾ. എണ്ണത്തിലും വണ്ണത്തിലും കുറഞ്ഞതാണവ... കൃതികൾ. പക്ഷേ, ഇതൊക്കെക്കൊണ്ട് അവരെ ...ം രണ്ടാംതരക്കാരായി ഗണിക്കാൻ പററുമോ? ഒരി...ക്കലുമില്ല. ചെറുതെങ്കിലും ചൈതന്യധന്യവും മധുരവും ആയ ചില മാധ്വീബിന്ദുക്കളാണ് അവർ നമുക്ക് പകർന്നുതന്നത്. സ്വസ്ഥ മണ്ഡലങ്ങളിൽ വളരെ ഉയർന്ന താണ് അവരുടെ നില! അതാണ് ചെറിയ വലിയ കവികൾ എന്നവരെക്കുറിച്ചു പറഞ്ഞത്."

രാമപുരത്തെയും പൂന്താനത്തെയും തുല്യതലത്തിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമൊന്നും പ്രൊഫസർ തുടർന്നുള്ള ലേഖന ഭാഗത്തിൽ നടത്തിയിട്ടില്ലെങ്കിലും ഈ ഉദ്ധരണി മാത്രം വായിക്കുന്നവർക്ക് അങ്ങനെ തോന്നാം. ആ തോന്നൽ ശരിയല്ല. രാമപുരത്തു വാര്യരുടെ മഹത്വ ത്തെയോ പ്രതിഭയേയോ തെല്ലും ഇകഴ്ത്തിക്കാട്ടാൻ ശ്രമി ക്കാതെ തന്നെ പറയട്ടെ: പ്രതിഭ, കാവ്യസംസ്കാരം, ജനപ്രീതി, സംഭാവനാ വൈവിധ്യം എന്നീ ഏതളവുകോ ലെടുത്താലും പൂന്താനത്തിന്റെ സ്ഥാനം വളരെ മേലെ

ാണെന്ന് ഈ ലേഖകന് തോന്നുന്നു. പൂന്താനത്തിന്റെ സ്ഥാനം കണ്ണശ്ശൻ, തുഞ്ചൻ, കുഞ്ചൻ എന്നിവരുടെ നിലയിലേ കല്പിച്ചുകൂടൂ. ജനപ്രീതിയെ മാത്രമെടുത്താൽ തുഞ്ചൻ മുതൽ ചങ്ങമ്പുഴ വരെയുള്ള ആരെയുംകാൾ മേലെയാണ് പൂന്താനത്തിന്റെ പദവി എന്നും പറയാം. ജനപ്രീതി മാത്രമാണ് കാവ്യമഹത്വത്തിന്റെ മാനദണ്ഡം എന്ന് സൂചിപ്പിക്കുന്നില്ല. പക്ഷേ, അതും അവഗണിച്ചുകൂടാത്ത ഒരു ഘടകമാണല്ലോ. തുഞ്ചന്റെ ഗംഭീരമായ ദിവ്യഗാനങ്ങളോ കുഞ്ചന്റെ അനർഗളമായ കഥാഗാനപ്രവാഹങ്ങളോ ഓർമവെയ്ക്കാൻ കഴിയാത്ത പരസഹസ്രം സാധാരണക്കാർക്ക് പൂന്താനത്തിന്റെ അനവദ്യസുന്ദരവും ലളിതവും ആയ ഈരടികൾ മനപ്പാഠമായിരിക്കും. പഠിപ്പും പക്വതയുമുള്ളവർ അദ്ധ്യാത്മരാമായണവും മഹാഭാരതവും വായിച്ചു വ്യാഖ്യാനിക്കുന്നതു കേട്ട് ആസ്വദിക്കുകമാത്രം ചെയ്യുന്ന പാമരന്മാരായ ആബാലവൃദ്ധം ജനങ്ങൾ പൂന്താനത്തിന്റെ തേനൊലിക്കാവ്യങ്ങൾ സ്വയം ആലപിച്ച് നിർവൃതി കൊള്ളുന്നു. പരുക്കൻ ജീവിതത്തിലെ പ്രതിസന്ധികൾക്കുത്തരംകാണാതെ വിഷമിക്കുന്ന പാവങ്ങൾക്ക് ഇന്നത്തെ ധാരണകൾ പ്രകാരം യുക്തിസഹമല്ലെന്നു തോന്നിയേക്കാവുന്നതെങ്കിലും പൂന്താനത്തിന്റെ ഈരടികളുണ്ട് ആശ്വാസംപകരുവാൻ: ''ഇന്നലെയോളമെന്തെന്നറിഞ്ഞീല, ഇനി നാളെയുമെന്തെന്നറിവീല'', ''രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ തണ്ടിലേററിനടത്തുന്നതും ഭവാൻ'' തുടങ്ങിയ ലളിത സൂത്രവാക്യങ്ങൾ അസഹ്യമായ അസ്വാസ്ഥ്യങ്ങൾക്കിടയിൽ അവർക്കഭയമരുളുന്നു.

## ഐതിഹ്യങ്ങളുടെ അസ്തിവാരം

ഇത്ര മഹത്വമേറിയ ഒരു കാവ്യപ്രതിഭയെക്കുറിച്ച് വേണ്ടത്ര വിശദമായ പഠനങ്ങൾ നടന്നിട്ടില്ല എന്നത് മലയാള സാഹിത്യചരിത്രരചനയിലെ വലിയൊരു പോരായ്മയാണ്. ഉള്ളൂർ, കെ.വി.എം. കെ. വി. കൃഷ്ണയ്യർ, ഗുപ്തൻ നായർ, എൻ. കൃഷ്ണപിള്ള തുടങ്ങിയ പ്രഗല്ഭമതികൾ കഴിയുന്നത്ര ഐതിഹ്യങ്ങൾ ശേഖരിച്ചും കവിതകൾ പഠിച്ചും പൂന്താനത്തിന്റെ ജീവിതത്തേയും കാവ്യസാധനയെയും കുറിച്ച് കുറെയൊക്കെ അറിവുകൾ നമുക്ക് പകർന്നുതന്നിട്ടുണ്ട്. അതിനവരോട് നമുക്ക് നിസ്സീമമായ കൃതജ്ഞതയുമുണ്ട്. പക്ഷേ, അത്രയും മതിയോ? പൂന്താനത്തിന്റെ ജീവിതത്തെയോ, കാലത്തേയോ, ഏതാക്കെയാണ് അദ്ദേഹത്തിന്റേതായി പ്രചരിക്കുന്ന കൃതികളിൽ യഥാർത്ഥമെന്നതിനേയോകുറിച്ചുമാത്രമല്ല മഹാകവിയുടെ പേരുപോലും തിട്ടമില്ലെന്ന് ന്യായമായിത്തന്നെ ഗവേഷകർ കൈമലർത്തുന്നു. പിന്നെ ആകെയുള്ളത് കുറേ ഐതീഹ്യങ്ങൾ മാത്രം. അവ പലതും അലൗകികാനുഭവങ്ങൾ ഉൾക്കൊള്ളുന്നവയാകയാൽ ആധുനികർ അംഗീകരിക്കാൻ അറച്ചുനില്ക്കുന്നു. അശരീരിവചനങ്ങളും ഗുരുവായൂരപ്പനും, ഉണ്ണിക്കൃഷ്ണനും ചോരയും നീരുമായി പ്രത്യക്ഷപ്പെടുന്നതും മററും ചരിത്രരചനയ്ക്കുപകരിക്കുകയില്ലല്ലോ. മററു ചിലവയാകട്ടെ സമകാലികനായിരുന്ന പണ്ഡിതമഹാകവി മേല്പത്തൂർ നാരായണഭട്ടതിരിയുമായുള്ള ചില ഏററുമുട്ടലുകളാണ്. അവയിലുമുണ്ട് സ്വപ്നദർശനങ്ങളും പ്രത്യക്ഷ ദേവതകളും മററും.

ഈ അലൗകികതകളൊക്കെ മാററിവെച്ച് ബാക്കിഭാഗം സ്വീകരിക്കാനൊക്കുമോ? അതും ദുഷ്കരമെന്നത്രെ പല പണ്ഡിതന്മാരുടേയും അഭിപ്രായം. ഉദാഹരണത്തിന് വള്ളത്തോൾ 'ഭക്തിയും വിഭക്തിയും' എന്ന ആകർഷകമായ കവിതയിലൂടെ അനശ്വരമാക്കിയ ഐതിഹ്യമെടുക്കുക.

> പൂന്താനത്തിന്റെ സ്ഥാനം കണ്ണശ്ശൻ, തുഞ്ചൻ, കുഞ്ചൻ, എന്നിവരുടെ നിലയിലേ കല്പിച്ചുകൂടൂ. ജനപ്രീതിയെ മാത്രമെടുത്താൽ തുഞ്ചൻ മുതൽ ചങ്ങമ്പുഴ വരെയുള്ള ആരെയുംകാൾ മേലെയാണ് പൂന്താനത്തിന്റെ പദവി എന്നും പറയാം

മേല്പത്തൂർ ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനയിരുന്ന് സുപ്രസിദ്ധമായ 'നാരായണീയം', സംസ്കൃത മഹാകാവ്യം രചിക്കുന്ന കാലം. (16–ാം നൂററാണ്ടിന്റെ ഉത്തരാർദ്ധവും 17–ാം നൂററാണ്ടിന്റെ പൂർവാർദ്ധവും ആണദ്ദേഹത്തിന്റെ ജീവിതകാലം എന്ന് ഊഹിക്കപ്പെടുന്നു.) പൂന്താനവും അക്കാലത്തവിടെ ഭജനത്തിലായിരുന്നു. അദ്ദേഹം തന്റെ 'സന്താനഗോപാലം പാന'യും രചിച്ചുവന്നു. പതിവായി താനെഴുതുന്ന ഈരടികൾ മഹാ പണ്ഡിതനായ മേല്പത്തൂരിനെ പിഴതീർക്കാനായി പൂന്താനം എല്ലാ ദിവവും ഏല്പിക്കുകയും മേല്പത്തൂർ പിഴ തീർത്തുകൊടുക്കുകയും ചെയ്തുവന്നു. ഒരു ദിവസം ഈ നിരന്തരശല്യം അസഹ്യമായിതോന്നിയ ഭട്ടതിരിപ്പാട് ക്രുദ്ധനായി പറഞ്ഞുപോൽ: ''ഭാഷാകവിതയിൽ പിഴയില്ലാതെ കാണുമോ?'' പാവം പൂന്താനം അപമാനിതനായി പിന്തിരിഞ്ഞു. പക്ഷേ, അന്നുരാത്രി ഭട്ടതിരിക്ക് വാതരോഗം കലശലായി. ഭഗവാനെ വിളിച്ചു കേണപ്പോൾ ഭട്ടതിരിക്ക് ഭഗവത്ദർശനമുണ്ടായി. വള്ളത്തോളിന്റെ ഭാഷയിൽ ഭഗവാൻ ഉണ്ണിക്കൃഷ്ണനായി പ്രത്യക്ഷപ്പെട്ട് ഭട്ടതിരിയോടിങ്ങനെ അരുളിച്ചെയ്തു.

''അബ്ഭാഷാ കവിയുടെ സങ്കടം തീർക്കുക നീ
തൽപ്രീതിയല്ലാതില്ലാ മരുന്നീ രോഗംമാറാൻ–
കേളിയേറീടിന മേല്പത്തൂരിന്റെ വിഭക്തിയെ
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ടം''

പശ്ചാത്താപ വിവശനായ ഭട്ടതിരി പിറേറന്നാൾ പൂന്താനത്തിനെ വിളിച്ച് ക്ഷമാപണം ചെയ്തു. അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം തുടർന്ന് സഹായം ചെയ്തുവന്നു എന്നും മററുമാണ് കഥ. മഹാസാത്വികനും ഭക്തചൂഡാമണിയുമായ ഭട്ടതിരിയിൽ ഇത്തരം സുജനമര്യാദാവിലോപം ആരോപിക്കുന്നത് ന്യായമല്ലെന്നും ഈ കഥ ഏതോ വിരുതന്റെ 'ഭാവനാവിലാസ'മാകാം എന്നുമാണ് ഗുപ്തൻ നായരുടെ പക്ഷം.

(പൂന്താനം തിരുത്താൻ ഭട്ടതിരിക്ക് കൊടുത്തുവന്നത് 'ശ്രീകൃഷ്ണ കർണാമൃത'മാണ് എന്ന വാദം ഉള്ളൂർ ചില ചരിത്രലക്ഷ്യങ്ങൾവെച്ച് നിഷേധിക്കുന്നു. ഇത്ര നിഷ്കൃഷ്ടമായ നിഷേധം കേൾക്കുമ്പോൾ തോന്നിപ്പോകും, ഭഗവാൻ ഉണ്ണിക്കൃഷ്ണനായി ചെന്ന് ഭട്ടതിരിക്ക് പ്രത്യക്ഷപ്പെട്ടതുൾപ്പെടെ ബാക്കിയൊക്കെ ശരിയാണ് എന്ന്!)

അതുപോലെതന്നെ മറെറാരു കഥ 'പദ്മനാഭോ മരപ്രഭു' എന്നത് പദ്മനാഭന് ശേഷം അമരപ്രഭു എന്നതിലെ 'അ' ഊന്നി ഉച്ചരിക്കാതെ 'പദ്മനാഭോമരപ്രഭു' എന്ന് പൂന്താനം ഒരക്കിൽ ഉച്ചരിച്ചുപോയി. ഭട്ടതിരി പരിഹസിച്ചു. ''പദ്മനാഭൻ മരപ്രഭുവല്ല, അമരപ്രഭുവാണ്'' പെട്ടെന്നൊരശരീരി കേൾക്കായി: ''ആരുപറഞ്ഞു? ഞാൻ അമരപ്രഭുവും മരപ്രഭുവും സർവപ്രഭുവുമാണ്.'' ദേവവചനം കേട്ട ഭട്ടതിരി തന്റെ പാണ്ഡിത്യഗർവിൽ ലജ്ജിച്ച് ക്ഷമായാചനം ചെയ്തു.

പാണ്ഡിത്യം കുറഞ്ഞവരെ പരിഹസിക്കാൻ പാണ്ഡിത്യഗർവിഷ്ഠന്മാർ പതിവായി സൃഷ്ടിച്ചുവരുന്ന മാതിരി ഒരു കള്ളക്കഥയാണെന്ന് വിധിച്ച് ഇതും ഗുപ്തൻനായർ നിരസിക്കുന്നു.

യുക്തിയുക്തവും സാമാന്യബോധാധിഷ്ഠിതവുമായ ഇത്തരം നിഷേധങ്ങളോട് തത്വത്തിൽ ഈ ലേഖകനും വിയോജിപ്പില്ല. പക്ഷേ, ഈ പ്രചുരപ്രചാരം നേടിയ ഐതിഹ്യങ്ങൾക്കു പിറകിൽ ഒരു ചരിത്രസത്യവും സാമൂഹ്യ

സത്യവും പതിയിരിക്കുന്നു. കുളിവെള്ളത്തോടൊപ്പം കുട്ടിയേക്കൂടി പിന്നാമ്പുറത്തേക്ക് ഒഴുക്കിക്കളയാതെ ഈ സത്യത്തെ നാം തേടിപ്പിടിക്കണം.

മഹാകവികൾ, മഹായോഗികൾ, മഹാപ്രവാചകർ, തുടങ്ങിയ പല ലോകോപകാരികളെക്കുറിച്ചും ഇത്തരം അനവധി ഐതിഹ്യങ്ങൾ ലോകർക്കിടയിൽ പ്രചരിക്കാറുണ്ട്. അവ ചിലത് സത്യമായിരിക്കാം, ചിലത് അസത്യമായിരിക്കാം, മററു ചിലവയാകട്ടെ തികച്ചും അസംഭാവ്യങ്ങളും. എന്നാൽ അത്തരം സംഭാവ്യങ്ങളോ അസംഭാവ്യങ്ങളോ ആയ ഐതിഹ്യങ്ങളിലൂടെ രൂപംകൊള്ളുന്ന ഒരു സവിശേഷ വ്യക്തിത്വമുണ്ട്. തങ്ങളുടെ ആരാധനാപാത്രങ്ങളെക്കുറിച്ചുള്ള സാധാരണജനങ്ങളുടെ ഒരു വിലയിരുത്തലാണത്. അതുപോലെ തങ്ങൾക്കഭിമതരല്ലാത്തവരെക്കുറിച്ചുള്ള വിമർശനവും പരിഹാസവും. എഴുത്തച്ഛനെക്കുറിച്ച് അങ്ങനെ എന്തെല്ലാം കഥകൾ നാം കേട്ടിരിക്കുന്നു. അദ്ദേഹം കള്ളു കുടിക്കുമായിരുന്നെന്നും ചക്കാലനായരായിരുന്നുവെന്നും ''ചക്കിലെത്രയാടും'' എന്നു പരിഹസിച്ച ബ്രാഹ്മണശ്രേഷ്ഠരെ ലജ്ജിതരാക്കി ''നാലും ആറും'' (നാലുവേദങ്ങളും ആറു ദർശനങ്ങളും) ആടും എന്നു പറഞ്ഞതും മററും. അവയൊന്നും ചരിത്ര ദൃഷ്ട്യാ ശരിയായിരിക്കണമെന്നില്ല. പക്ഷേ, എഴുത്തച്ഛനെ പരിഹസിക്കാൻ ആരോ പടച്ചുവിട്ടതാണെന്നു പറഞ്ഞ് തിരസ്കരിക്കേണ്ട കാര്യമല്ല. മലയാളഭാഷയുടെ പിതാവായ ആചാര്യസത്തമനെക്കുറിച്ചുള്ള നാടോടിവിലയിരുത്തലാണത്—തങ്ങളിൽപ്പെട്ട ഒരുവനാണെന്ന് സ്ഥാപിച്ചെടുക്കാൻ സാധാരണജനങ്ങളിൽനിന്ന് രൂപംകൊള്ളുന്ന ഒരു നാടോടിക്കഥ. മലയാളിക്ക് എഴുത്തച്ഛൻ, സുമാർ മുന്നൂറു വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു മഹാകവി മാത്രമല്ല, രണ്ട് അനുപമ മഹാകാവ്യങ്ങളുടെ അർത്ഥവത്തായ ഒരു പൈതൃകമാണ്. സജീവമായ ഒരു പാരമ്പര്യമാണ്. ആ പാരമ്പര്യവും പൈതൃകവും മുന്നൂറു വർഷം മുമ്പത്തെ ഒരു മഹാസംഭവം മാത്രമല്ല, ഈ മുന്നൂറ് വർഷംകൊണ്ട് മലയാള മനസ്സിലും സംസ്കാരത്തിലും വളർന്നുവന്ന ഒരു മഹനീയ പ്രതിബിംബമാണ്, ഒരു പക്ഷേ, എപ്പോഴും വികസ്വരമായി തുടരുന്ന ഒരു പ്രതിബിംബം.

മഹാകവി പൂന്താനം നമ്പൂതിരിയുടെ കാര്യത്തിലും അതുതന്നെയാണ് വാസ്തവം. ഈ ഐതിഹ്യങ്ങളെല്ലാം കാച്ചിക്കുറുക്കി ഉറയൊഴിച്ച് കടഞ്ഞാൽ അതിൽനിന്നുയരുന്ന നവനീതം പോലൊരു വ്യക്തിത്വം പൂന്താനത്തിനുണ്ട്. പണ്ഡിത്യഗർവിനോടുള്ള പുച്ഛം, സാധാരണക്കാരൻെറ ജീവിതത്തോടും എളിമയോടും ഉള്ള ആഭിമുഖ്യം, ഉന്നതകുലജാതരായ പണ്ഡിതമ്മന്യരുടെ സംസ്കൃതാഭിമുഖ്യത്തിൻെറ സ്ഥാനത്ത് എളിയവരിൽ എളിയവരായ മലയാളികളുടെ ഭാഷയോടും വിശ്വാസങ്ങളോടും അഭിലാഷങ്ങളോടും ഉള്ള അദമ്യമായ വാത്സല്യപ്രകർഷം—പൂന്താനത്തിൽ സാധാരണക്കാർ കാണുന്ന ഈ ഗുണവിശേഷങ്ങളുടെ നാടോടി ശൈലിയിലുള്ള ആവിഷ്കാരമാണ്--Folk articulation—ഈ ഐതിഹ്യങ്ങളെല്ലാം.

പൂന്താനത്തിൻെറ ജനകീയശൈലിയെ അന്നെന്നപോലെ ഇന്നും പലരും പരിഹസിക്കാറുണ്ട്. പൂന്താനം ഒരു പ്രാചീനനും ഭക്തനും ജനപ്രീതി നേടിയ മഹാകവിയുമായാൽ അത്ര വെട്ടിത്തുറന്നു പറയാറില്ലെന്നേയുള്ളൂ. ഉദാഹരണത്തിന് ഉള്ളൂർ ഒരു 'പേട്രണൈസിങ്' സ്വരത്തിൽ പറയുന്നതു കേൾക്കൂ: പൂന്താനത്തിന് വലിയ കല്പനകളില്ല; അർത്ഥാലങ്കാരങ്ങളില്ല: രചനയിൽ

> ഈ ഐതിഹ്യങ്ങളെല്ലാം കാച്ചിക്കുറുക്കി ഉറയൊഴിച്ചു കടഞ്ഞാൽ അതിൽനിന്നുയരുന്ന നവനീതംപോലൊരുവ്യക്തിത്വം പൂന്താനത്തിനുണ്ട്

പോലും വേണ്ടത്ര നിഷ്കർഷതയില്ല. അദ്ദേഹത്തിൻെറ ഭക്തിമന്ദാകിനിയുടെ പ്രസന്നപ്രവാഹത്തിൽ സകല വൈകല്യങ്ങളും മറഞ്ഞുപോകുന്നു.''

പരിണതപ്രജ്ഞനായ ഉള്ളൂർ അത്രയെ പറഞ്ഞുള്ളൂവെന്ന് സമാശ്വസിക്കാം. ''കുഞ്ചൻനമ്പ്യാർ ഒരു കവിയേ അല്ല'' എന്ന് തട്ടിവിടാൻ ചങ്കൂററമുള്ളവർ പൂന്താനത്തെക്കുറിച്ചും അങ്ങനെ പറഞ്ഞുകൂടായ്കയില്ല.

## വരേണ്യവ്യവസ്ഥയോട് അമർഷം

പൂന്താനത്തിൻെറ കാവ്യസംസ്കാരത്തോടും ആദർശ സംഹിതയോടും ഉള്ള പരോക്ഷമായ എതിർപ്പും അവഗണനയും എത്ര മാത്രമുണ്ടെന്നതിന് ഒന്നാംതരം ഉദാഹരണമാണ് അദ്ദേഹത്തിൻെറ കവിതകളെ കേവലം ഭക്തിവിഷയകമായി താഴ്ത്തിക്കെട്ടുന്നത്. തീർച്ചയായും പൂന്താനം ഒരു ഭക്തനായിരുന്നു, മഹാ ഭക്തനായിരുന്നു, വേദാന്തിയായിരുന്നു, സംശയമില്ല. പക്ഷേ, ഗുരുനാനാക്ക്, കബീർ, തുളസീദാസ്, സരളദാസ്, നരസിമേത്ത. കമ്പർ, തുക്കാറാം, ബസവണ്ണ, അക്കമഹാദേവി തുടങ്ങിയ ഭാരതീയ ഭക്തിപ്രസ്ഥാന നായകരിൽ പലരേയുംപോലെ വേദാന്തത്തിനും ഭക്തിക്കുമൊക്കെ പ്രത്യേകമായ, തൻേറതായ അർത്ഥമാനങ്ങൾ പൂന്താനം കല്പിച്ചു. 'ജ്ഞാനപ്പാന'യിൽ ഗഹനമായ വേദാന്തസാരം, അയത്ന ലളിതമായി സാധാരണക്കാർക്ക് പാടിക്കൊടുക്കുന്നതോടുകൂടി ഈ മഹാപണ്ഡിതന്മാരുടെ ബൗദ്ധികാഭ്യാസത്തേക്കാൾ മോക്ഷദായകം ലളിതവും സദാചാരനിരതവുമായ ജീവിതമാണ് എന്നദ്ദേഹം നമ്മെ ധരിപ്പിക്കുന്നു. ''ജാതി പാർക്കിലൊരന്ത്യജനാകിലും വേദവ്യാദി മഹീസുരനാകിലും.'' ഇരുകൂട്ടർക്കും പൂന്താനത്തിൻെറ വിധിനിഷേധങ്ങൾ ഒന്നാണ്. ബാദരായണനെയും ഗീതാകാരനേയും എല്ലാം പൂന്താനം ഉദ്ധരിക്കുന്നുണ്ട്. എന്നാൽ ബാദരായണനും അദ്ദേഹത്തിൻെറ മഹാനായ വ്യാഖ്യാതാവ് ശങ്കരാചാര്യനും അംഗീകരിക്കുന്ന ബ്രാഹ്മണ പ്രാമാണ്യം സ്വയം ഒരു ബ്രാഹ്മണനാണെങ്കിലും പൂന്താനം അംഗീകരിക്കുന്നില്ല. പൂന്താനത്തിനെക്കുറിച്ച് എഴുതിയിട്ടുള്ള അനേകരിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള മാത്രമേ ആ മഹാപ്രതിഭയുടെ ഈ സവിശേഷതയുടെ പ്രാധാന്യം കണ്ടിട്ടുള്ളൂ.

പരമഭാഗവതനായ ഒരു ഭക്തമഹാകവിയെ ഒരു സാമൂഹ്യവിമർശകനായി ഒരു രാഷ്ട്രീയക്കാരൻ തരംതാഴ്ത്തി എന്ന കുററാരോപണത്തിൽനിന്ന് രക്ഷനേടാനായി പ്രൊഫ. കൃഷ്ണപിള്ളയെത്തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ.

''ഏതായിരുന്നു അദ്ദേഹം ചുററിലും കണ്ട സമുദായം? മേൽക്കിട സമുദായംതന്നെ. അന്നത്തെ കെടുതികളും ദുഷ്കൃതികളും കണ്ടുപൊറുക്കാതെ സന്തപിച്ച ആ നിർമല മാനസൻെറ കാഴ്ചകൾ രൂപം മാറാതെയും മാറിയും ഇന്നും നാം കാണുന്നു എന്നത് മറെറാരു കാര്യം. കുഞ്ചൻ നമ്പ്യാരുടെ കയ്യിൽ കിട്ടുമ്പോൾ പൊതിരെ തല്ലുമേടിക്കുന്ന ആളുകളുടെ വിക്രിയകൾ പൂന്താനം പറയുന്നത് അലിവോടും സങ്കടത്തോടും ആണ്.'' കൃഷ്ണപിള്ള തുടരുന്നു.

''ആകെ 349 വരികൾ മാത്രമുള്ള ജ്ഞാനപ്പാനയിൽ കൃപാബാഷ്പം തുടിച്ചുനില്ക്കുന്ന നയനങ്ങളോടെ പൂന്താനം സാമാന്യം നീട്ടിത്തന്നെ വർണ്ണിക്കുകയാണ്. അന്ന് അധികാരമാണ്ടിരുന്ന നാടുവാഴികളും ജന്മിമാരും ഇടപ്രഭുക്കന്മാരും അവരുടെയെല്ലാം സിൽബന്തികളും നയിച്ചിരുന്ന ദുഷ്ട ജീവിതശൈലികളെപ്പററി ഇല്ലാത്ത സ്ഥാനമുണ്ടാക്കാനും ഉള്ളത് പെരുക്കാനും ഏതു വഴക്കിൽപ്പെടാനും എത്ര

നാണംകെട്ട പണി ചെയ്യാനും മടിക്കാത്തവർ, അഹങ്കാരജന്യമായ കിടമത്സരംകൊണ്ട് തലസ്ഥുവെളിവുകെട്ടവർ, ഗണികമാരുടെ ഭവനങ്ങളെ ശരണം പ്രാപിച്ച് അവരുടെ താളത്തിന് തുള്ളുന്നവർ, കോവിലകങ്ങളിൽ സേവക്കോലം കെട്ടുകയും പുറത്ത് തങ്ങൾക്കുള്ള പിൻബലംവെച്ച് ഞെളിയുകയും ചെയ്യുന്ന കാര്യസ്ഥന്മാർ, ഈശ്വരപ്രാർത്ഥന തൊഴിലാക്കി പുലർച്ചതൊട്ട് സന്ധ്യവരെ വയററുപിഴപ്പിനും കുടുംബം രക്ഷിക്കാനും വക നോക്കി നടക്കുന്നവർ'' ഇങ്ങനെ പോകുന്നു പൂന്താനത്തിന്റെ വിമർശനത്തിനിരയാവുന്നവർ.

ബ്രാഹ്മണ്യം നടിച്ച് പ്രമാണി ചമയുന്നവരോട് പൂന്താനത്തിന് പുച്ഛമായിരുന്നു. 'ഓത്തില്ലാത്ത നമ്പൂതിരി' എന്നവർ പൂന്താനത്തെ പരിഹസിച്ചിരുന്നിരിക്കാം.

> ''വിദ്യകൊണ്ടറിയേണ്ടതറിയാതെ
> വിദ്വാനെന്ന് നടിക്കുന്നിതു ചിലർ
> കുങ്കുമത്തിന്റെ വാസമറിയാതെ
> കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം''

അടുത്തിയിടെ സോമയാഗത്തിന് നേതൃത്വംനല്കിയ ഒരു നമ്പൂതിരിക്കവി ലോകത്തിലേക്കും അനുഗ്രഹീതരും ജന്മസിദ്ധമായ വാസന കൊണ്ട് സമ്പന്നരും ആണ് നമ്പൂതിരിമാരെന്നും മനുഷ്യരെയെല്ലാം നമ്പൂതിരിയാക്കുകയാണാവശ്യമെന്നും എഴുതിക്കണ്ടു. അത്തരക്കാർ പൂന്താനത്തിന്റെ കാലത്തും ഉണ്ടായിരുന്നിരിക്കണം. പൂന്താനം പാടുന്നു!

> ''കാൺക നമ്മുടെ സംസാരം കൊണ്ടത്രെ
> വിശ്വമീവണ്ണം നില്പുവെന്നും ചിലർ
> ബ്രാഹ്മണ്യംകൊണ്ട് കുന്തിച്ചു കുന്തിച്ചു
> ബ്രഹ്മാവും തനിക്കൊവ്വ എന്നും ചിലർ
> അർത്ഥാഗ്ഗർക്ക് വിരുതു വിളിപ്പിപ്പാൻ
> അഗ്നിഹോത്രാദി ചെയ്യുന്നിതുചിലർ''

[ബ്രഹ്മാവും തനിക്കൊവ്വ = ബ്രഹ്മാവും തനിക്കൊപ്പം]

ഇതിൽ അവസാനത്തെ രണ്ടു വരിക്ക് ഇല്ലാത്ത അർത്ഥകല്പന ഒരു ഭക്തൻ നടത്തിയിരിക്കുന്നു. ''അഗ്നിഹോത്രാദി യാഗങ്ങൾ പോലും പണമുണ്ടാക്കാൻ ചിലർ നടത്തുന്നു'' എന്നാണ് ജി. ബാലകൃഷ്ണൻനായർ (ജ്ഞാനപ്പാന, എൻ.ബി.എസ്. പതിപ്പ്) വ്യാഖ്യാനിക്കുന്നത്. വാസ്തവത്തിൽ 'പോലും' പ്രയോഗം പൂന്താനത്തിന്റെയല്ല, ബാലകൃഷ്ണൻനായരുടെ സ്വന്തമാണ്. കടുത്ത പരിഹാസവും നിരുപാധികമായ വിമർശനവുമാണ് അഗ്നിഹോത്രാദി യാഗങ്ങളെപ്പററി (അതിരാത്രവും സോമയാഗവും എല്ലാം പെടും) പൂന്താനം നടത്തുന്നത്. ''അർത്ഥാർക്ക് വിരുതുവിളിപ്പിപ്പാൻ'' എന്നതിനർത്ഥം നാടൻ ഭാഷയിൽ ''കൊടി വെച്ച പണക്കൊതി മൂലം'' എന്നാണ്. ശ്രീബുദ്ധൻ മുതൽ വിവേകാനന്ദനും നാരായണഗുരുവും ചട്ടമ്പിസ്വാമിയും വരെ സകല നവോത്ഥാന നായകരും കഴിഞ്ഞ രണ്ടായിരത്തഞ്ഞൂറ് വർഷമായി എതിർക്കുകയും ആക്ഷേപിക്കുകയും ചെയ്തിട്ടുള്ള അഗ്നിഹോത്രാദികൾ പണത്തിനാണ് ചിലർ നടത്തുന്നത് എന്ന് വെട്ടിത്തുറന്ന് പൂന്താനം പറയുന്നത് ചിലർക്ക് ദഹിക്കുന്നില്ല എന്ന് സ്പഷ്ടം.

| |
|---|
| ഭക്തിപ്രസ്ഥാനത്തി |
| ന്റെ മുഖ്യ സ്വഭാവ |
| മെല്ലാം പൂന്താനത്തിൽ |
| തെളിഞ്ഞുകാണാം. എ |
| ഴുത്തച്ഛൻതുടങ്ങിയ |
| മററു മഹാമതികളായ |
| ഭക്തകവികളിലാരിലും |
| ഇവയെല്ലാം പൂന്താന |
| ത്തിലെന്ന പോലെ |
| ലക്ഷണം തികഞ്ഞ് |
| വിളങ്ങിക്കാണുന്നില്ല. |

## ലക്ഷണമൊത്ത ഭക്തിഗായകൻ

മഹാകവി ഉള്ളൂർ ഇരുപത്തിരണ്ട് കൃതികളാണ് പൂന്താനത്തിന്റെയായി വകയിരുത്തുന്നത്. അവയ്ക്കു പുറമേ ചില തമിഴ് കൃതികളും പൂന്താനം എഴുതിയതായി കരുതപ്പെടുന്നു. അവയിൽ 'ഭാഷാ കർണാമൃതം', 'സന്താനഗോപാലം പാന' (ഉള്ളൂർ, ഈകൃതിക്ക്കവി നല്കിയ പേർ 'കുമാരാഹരണം' എന്നാണെന്ന് കവിതയിലെ ഒരു പരാമർശത്തെ മുൻനിർത്തി ഊഹിക്കുന്നു) 'ജ്ഞാനപ്പാന' എന്നിവയാണ്.

''അഞ്ജന ശ്രീധര ചാരുമൂർത്തേ കൃഷ്ണ'' എന്നു തുടങ്ങുന്ന 'ശ്രീകൃഷ്ണ സ്തുതി', ''അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ'' എന്നു തുടങ്ങുന്ന 'ആനന്ദനൃത്തം', ''നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ'' എന്നു തുടങ്ങുന്ന 'പഞ്ചാക്ഷര കീർത്തനം' മുതലായവയും നൂററാണ്ടുകൾക്കു മുമ്പെന്നപോലെ ഇന്നും ഭക്തജനങ്ങൾ പാടിവരുന്നു. ഇവയിലെല്ലാം നേരത്തേ ജ്ഞാനപ്പാനയിൽനിന്നുദ്ധരിച്ച വിധം ശക്തവും തീക്ഷ്ണവും പ്രത്യക്ഷവുമായിട്ടല്ലെങ്കിലും മനുഷ്യാവസ്ഥയെക്കുറിച്ചുള്ള വിലാപങ്ങളും ധർമനിരത ജീവിതംമൂലം ലഭിക്കാവുന്ന മേന്മയും സാമൂഹ്യവിമർശനവും കണ്ടെത്താം. പക്ഷേ, അതെല്ലാം ഒരു ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങുകയില്ലല്ലോ.

എന്നാൽ, ഇവയെല്ലാം ആകെ എടുത്തു പരിശോധിച്ചാൽ കാണുന്ന ശ്രദ്ധേയമായ പ്രത്യേകത പന്ത്രണ്ടാം നൂററാണ്ടു മുതൽ പതിനേഴാം നൂററാണ്ട് വരെയുള്ള കാലഘട്ടത്തിൽ ആസേതുഹിമാചലം വ്യാപിച്ച് ദേശീയഭാഷകൾ മിക്കവെയ്ക്കും ജന്മം നല്കുകയും ചൈതന്യവത്തായ പുതിയൊരന്തരീക്ഷം ജനജീവിതത്തിൽ സൃഷ്ടിക്കുകയുംചെയ്ത ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനമാണ്. ഭക്തിപ്രസ്ഥാനത്തിന്റെ ഉറവിടം തേടി വേദോപനിഷത്തുകളിലും ഷഡ്ദർശനങ്ങളിലും ഗീതയിലും മററും പരതുന്നവർ ഇരുട്ടുമുറിയിൽ ഇല്ലാത്ത പൂച്ചയെ തിരയുകയാണ്. തീർച്ചയായും ഏതാശയത്തിനും പഴമയിൽ ചില വേരുകൾ കണ്ടെത്താനാവും. പത്തൊമ്പതാം നൂററാണ്ടിന്റെ സൃഷ്ടിയായ സോഷ്യലിസത്തിന്റെ വേരുകൾ ബുദ്ധനിലും ക്രിസ്തുവിലും നബിയിലും മററും തിരയുംപോലെ. വാസ്തവത്തിൽ മൂന്നുനാലു നൂററാണ്ടുകാലം ഭാരതത്തിലാകെ പടർന്നുപിടിച്ച നമ്മുടെ സാംസ്കാരിക ജീവിതത്തിൽ പുതിയ ചാലുകൾ വെട്ടിക്കീറുകയും പുതിയ ചക്രവാളങ്ങൾ പ്രകാശിപ്പിക്കുകയും ചെയ്ത ഭക്തിപ്രസ്ഥാനത്തിന്റെ താത്ത്വികാടിത്തറ വിശിഷ്ടാദ്വൈതത്തിന്റെ സ്ഥാപകനായ രാമാനുജനും അദ്ദേഹത്തിന്റെ ശിഷ്യനായ രാമാനന്ദനും ദ്വൈതസിദ്ധാന്തപ്രവാചകനായ മധ്വനും ആണ് പാകിയത്. രാമാനന്ദനായിരുന്നു ഇവരിൽ കഴിവുററ പ്രചാരകനും സംഘാടകനും. അദ്ദേഹത്തിന്റെ ശിഷ്യന്മാർ വിവിധ ജാതിമതസ്ഥർ, പ്രത്യേകിച്ചും 'ഹീന'മെന്നു ബ്രാഹ്മണർ വിശേഷിപ്പിച്ചവരായിരുന്നു — ചെരുപ്പുകുത്തിയായ രായിദാസ്, അയിത്തക്കാരനായ ജാത്കർഷകൻ ധർണൻ, മുസ്ലീമും നെയ്ത്തുകാരനുമായ കബീർ എന്നിങ്ങനെ. ഒറിയ ഭാഷയിലെ തുഞ്ചനായ സരളദാസൻ ശാരീരികമായി പാടത്തു പണിയുന്ന കർഷകനായിരുന്നു. മറാഠി ഭക്തകവി നാമ്ദേവ് ഒരു തുന്നൽക്കാരനായിരുന്നു. ഗുരുനാനാക്ക് ഒരു ചെറുകച്ചവടക്കാരന്റെ മകനായിരുന്നു. ആന്ധ്രയിലെ വേമന എഴുത്തുപഠിക്കാത്ത ഒരു കർഷകൻ. തുളസീദാസനെയും പൂന്താനത്തേയുംപോലെ ഒരു ന്യൂനപക്ഷം ജന്മംകൊണ്ടു ബ്രാഹ്മണരായിരുന്നു. തുളസീദാസൻ തന്റെ ആദർശ

പ്രചരണത്തിനും കാവ്യസാധനയ്ക്കുമായി ചെറുപ്പത്തിലേ കുടുംബംവിട്ട് പാരമ്പര്യം തെററി ജീവിച്ചെങ്കിൽ ഓത്തി ല്ലാത്തവനെന്ന് അധിക്ഷേപിക്കപ്പെട്ട പൂന്താനം ബ്രാഹ്മണ്യം കൊണ്ട് കുന്തിച്ച് കുന്തിച്ച് ബ്രഹ്മാവിന് സമമെന്ന് നടി ച്ചുനടക്കുന്ന വങ്കന്മാരേയും അവരുടെ അഗ്നിഹോത്രാദികളേ യും അധിക്ഷേപിക്കുകയും ചെയ്യു.

വരേണ്യവർഗത്തിൻെറ പാണ്ഡിത്യപ്രകടനങ്ങളെയും ബൗ ദ്ധികവ്യായാമങ്ങളെയും സങ്കീർണമായ ആചാരാനുഷ്ഠാനയാ ഗാദികളെയും എതിർക്കുക ഭക്തിപ്രസ്ഥാനത്തിൻെറ ഒരു മുഖ്യ ഭാഗമാണ്—ഏതു നവോത്ഥാനപ്രസ്ഥാനത്തിൻെറ യും എന്നപോലെ.

''സാംഖ്യശാസ്ത്രങ്ങളും, യോഗങ്ങളെന്നിവ

സംഖ്യയില്ലത് നില്ക്കട്ടെ സർവവും''

എന്ന് അവയെ തള്ളിപ്പറയാതെതന്നെ അവഗണിക്കുക യാണല്ലോ പൂന്താനം. എന്നിട്ട് ലളിതവും സത്യസന്ധവും അനായാസവും ആയ ഭക്തിമാർഗവും ജീവിതചര്യയും നിർദ്ദേശിക്കുന്നു... ഇത് പൗരോഹിത്യ വ്യവസ്ഥയ്ക്കും ഉച്ചനീചത്വ ശ്രേണിയ്ക്കും എതിരാണ് എന്നു പറയേണ്ട തില്ലല്ലോ. ദൈവത്തിൻെറ മുമ്പിൽ എല്ലാവരും സമന്മാ രാണ്, അന്തണനും അന്ത്യജനും എന്നത് മിക്കവാറും എല്ലാ ഭക്തിപ്രസ്ഥാന നായകരും ഉയർത്തിപ്പിടിക്കുന്ന തത്ത്വമാണ്.

കബീറിൻെറ ഒരു സുപ്രസിദ്ധ കാവ്യഭാഗം ഇങ്ങനെ വിവർത്തനം ചെയ്യാം:

''എങ്ങനെയാണ് ഒരാൾ ശൂദ്രനായിജനിക്കുന്നതും മരണപര്യന്തം ശൂദ്രനായി തുടരുന്നതും? ഒരുവൻ തന്നെ ത്താൻ ഒരു പൂണൂൽ കെട്ടിയുണ്ടാക്കി, ധരിച്ച് ബ്രാഹ്മണ നായി ഞെളിയുന്നു. അങ്ങനെ ലോകം ആകെ ആശയ ക്കുഴപ്പത്തിലാണ്. നിങ്ങൾ ബ്രാഹ്മണനു ജനിച്ച് ബ്രാഹ്മ ണനായി എന്നാണെങ്കിൽ എന്തുകൊണ്ട് നിങ്ങളുടെ ജനന രീതി വ്യത്യസ്തമായിരുന്നില്ല? ഒരു കറുത്ത പശുവിൻേറയും വെളുത്ത പശുവിൻേറയും പാൽ കറന്നു ഒന്നിച്ചു കലർത്തി യാൽ ഒന്ന് മറെറാന്നിൽനിന്ന് വേറിട്ടുനില്ക്കുമോ?''

മറാഠി ഭക്തകവി നാമ് ദേവ് പാടുന്നു:

''ഹിന്ദു അന്ധൻ
മുസ്ലിമും അന്ധൻ
ഹിന്ദുവിൻെറ പൂജ ക്ഷേത്രത്തിൽ
മുസ്ലിമിൻേറത് പള്ളിയിൽ
എന്നാൽ നാമ് ദേവിന്
പള്ളിയും വേണ്ട ക്ഷേത്രവും വേണ്ട.''

ബംഗാളിലെ ചൈതന്യൻ:

''ഈ പ്രലോഭനങ്ങൾ തിരസ്കരിക്ക
ജാതി മത വൈജാത്യങ്ങൾ വിടുക
എന്നിട്ട് യഥാർത്ഥ വൈഷ്ണവൻ
ഏകാശ്രയമായി കൃഷ്ണനെ പ്രാപിക്ക''

ഇവയിലെല്ലാം ദൈവവിശ്വാസമുണ്ട്, ആരാധന യുണ്ട്, പൂജാസങ്കല്പങ്ങളുണ്ട്, പഴംപുരാണങ്ങളെയും സിദ്ധാന്തങ്ങളെയും കുറിച്ച് പുതിയ വ്യാഖ്യാനവും. പക്ഷേ, എല്ലാത്തിൻേറയും ലക്ഷ്യം ഒന്നുതന്നെ—സാധാ രണക്കാർക്ക് സമത്വം വാഗ്ദാനംചെയ്യുക, ധർമമാർഗം കാട്ടിക്കൊടുക്കുക, ആത്മവത്ത (ഐഡൻറിററി) നേടാൻ സഹായിക്കുക, ആത്മവിശ്വാസം പകരുക, അതോടൊപ്പം നാട്യത്തിൻേറയും മേധാവിത്വത്തിൻേറയും ചൂഷണ ത്തിൻേറയും ബൗദ്ധികാഭ്യാസങ്ങളേയും സങ്കീർണാചാരങ്ങ ളേയും തിരസ്കരിക്കുകയും.

ഭക്തിപ്രസ്ഥാനത്തിൻെറ ഈ മുഖ്യ സ്വഭാവമെല്ലാം പൂന്താനത്തിൽ തെളിഞ്ഞുകാണാം. എഴുത്തച്ഛൻ തുട ങ്ങിയ മററു മഹാമതികളായ ഭക്തകവികളിലാരിലും ഇവയെല്ലാം പൂന്താനത്തിലെന്നപോലെ ലക്ഷണം തികഞ്ഞ് വിളങ്ങിക്കാണുന്നില്ല. കേരളത്തിലെ ഭക്തിപ്രസ്ഥാന ത്തിൻെറ ലക്ഷണമൊത്ത നായകനായിരുന്നു മഹാകവി പൂന്താനം നമ്പൂതിരി. ●